പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6481 — 09.07.2014-ൽ മറുപടിയ്ക്ക്

## പുതുതായി ആരംഭിച്ച 33 കെ. വി. സബ്സ്റ്റേഷനുകൾ

| ചോദ്യം<br>ശ്രീ. എം. ഹംസ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര 33 കെ. വി. സബ്സ്റ്റേഷൻ അനുവദിച്ചു ; ഏതെല്ലാം സ്ഥലങ്ങളിൽ ആണ് അനുവദിച്ചത് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേളകം, ഫറോക്ക്, വൈദ്യുതി ഭവനം (പാലക്കാട്), പാറ്റൂർ, വൈദ്യുതി ഭവനം (പട്ടം), തിരുവനന്തപുരം, വിളക്കുളം, ആര്യനാട്, ഗാന്ധിനഗർ, എറണാകുളം എന്നീ സ്ഥലങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി ഏതെല്ലാം സ്ഥലങ്ങളിൽ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് പരിഗണിച്ചു വരുന്നത് ; പരിഗണനയിലുള്ള 33 കെ. വി. സബ്സ്റ്റേഷനുകളുടെ പരിഗണനാലിസ്ററ് ലഭ്യമാക്കുമോ ; | (ബി) | പുതുതായി ആറ്റുകാൽ, രാജപുരം, മഞ്ചേരി സൗത്ത്, കടമ്പഴിപ്പാറം എന്നീ സ്ഥലങ്ങളിലാണ് സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനു പരിഗണിച്ചു വരുന്നത്. |
| (സി) | പ്രസ്തുത പരിഗണനാലിസ്റ്റിൽ ഉൾപ്പെടുന്ന 33 കെ. വി. സബ്സ്റ്റേഷനുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ? | (സി) | മേൽ സൂചിപ്പിച്ച പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്ന 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി നിർമ്മാണം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.